തീരദേശങ്ങളിൽ ശുദ്ധജലം വിതരണം നടത്തുന്നതിനുള്ള പദ്ധതികൾ

*4 [34] ശ്രീ. കളത്തിൽ അബ്ദുള്ള:
" പി. കെ. അബ്ദുറബ്ബ്:
" പി. കെ. കെ. ബാവ:
" വി. കെ. ഇബ്രാഹിംകുഞ്ഞ്:
" ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ ശുദ്ധജലം വിതരണം നടത്തുന്നതിനുള്ള പദ്ധതിയനുസരിച്ച് എത്ര പഞ്ചായത്തുകളിൽ പണിപൂർത്തിയാക്കിയിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) ഇപ്പോൾ എത്ര പഞ്ചായത്തുകളിൽ ശുദ്ധജലവിതരണത്തിനായി പണി നടന്നുകൊണ്ടിരിക്കുന്നു;

(സി) ഇനിയും എത്ര പഞ്ചായത്തുകളിൽ ശുദ്ധജലവിതരണ പദ്ധതികൾ തുടങ്ങാനുണ്ട് എന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) 68 പഞ്ചായത്തുകളിൽ പണി പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഇപ്പോൾ 21 പഞ്ചായത്തുകളിൽ ശുദ്ധജലവിതരണത്തിനായി പണി നടന്നുകൊണ്ടിരിക്കുന്നു.

(സി) ഇനിയും 9 പഞ്ചായത്തുകളിൽ ശുദ്ധജലവിതരണ പദ്ധതികൾ തുടങ്ങാനുണ്ട്.

പമ്പയിൽ ഭക്തജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കാൻ നടപടി

*5 [35] ശ്രീ. ഇ. എം. അഗസ്തി:
" തേറമ്പിൽ രാമകൃഷ്ണൻ:
" ഡി. സുഗതൻ:
ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാ മലിനീകരണ നിവാരണ പദ്ധതിക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തു തുകയാണ് ചെലവഴിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ ദേവസ്വം ബോർഡ് എന്തു തുക നൽകാമെന്നേറ്റിട്ടുണ്ട്;

(സി) പമ്പാ പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ പ്രാഥമികമായി ചെയ്യുവാൻ ഉദ്ദേശിക്കുന്നത് എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പ്രാഥമിക നടപടി സ്വീകരിക്കുന്നതോടുകൂടി പമ്പയിൽ ഭക്തജനങ്ങൾക്ക് മാലിന്യവിമുക്ത ജലം ലഭിക്കുമോ;

(ഇ) എങ്കിൽ എന്നത്തേക്ക് ലഭിക്കുമെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly